പച്ച പുതയ്ക്കാൻ അണ്ടലൂർ താഴെക്കാവ്

നിബിഡവനം ഒരുങ്ങുന്നത് 'മിയാ വാക്കി' രീതിയിൽ

ധർമടം► അണ്ടലൂർ താഴെക്കാവിൽ സർക്കാർ സഹായത്തോടെ നിബിഡ വനം ഒരുങ്ങുന്നു. ചെറിയ കാലയളവിൽ ചെറിയ സ്ഥലത്ത് ഹരിതവനം ഒരുക്കുന്ന 'മിയാ വാക്കി' രീതിയിലാണ് 'പച്ചത്തുരുത്ത്' വനവത്കരണ പദ്ധതി നടപ്പാക്കുന്നത്. അണ്ടലൂർക്കാവിന്റെ ഉടമസ്ഥതയിലുള്ള പത്ത് സെന്റ് സ്ഥലത്ത് കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. എട്ടുലക്ഷം രൂപയാണ് മതിപ്പ് ചെലവ്.

പദ്ധതിയുടെ ആദ്യഘട്ടത്തിൽ മൂമി ഒരു മീറ്ററോളം താഴ്ത്തിൽ കുഴിച്ചു. പിന്നീട് മണ്ണ്, ഉണൽ, ചാണകം, ചകിരിപ്പൊടി, ഉമി തുടങ്ങിയവ കൂട്ടിയോജിപ്പിച്ച് തിരികെ കുഴിയിൽ നിക്ഷേപിച്ചു. ഇതിനുമുകളിൽ ഓരോ ചതുരശ്ര മീറ്ററിലും വലിയ മരമാകുന്നത്, ഇടത്തരം വളർച്ചയുള്ളത്, കുറ്റിച്ചെടികം, പടരുന്ന സ്വഭാവമുള്ള വള്ളിച്ചെടികം എന്നിങ്ങനെ വ്യത്യസ്ത വളർച്ചാസ്വഭാവമുള്ള നാലു ചെടികളാണ് നടുന്നത്. ഒരു ചതുരശ്ര മീറ്ററിന് 110 കിലോ മൈവവളം ഉപയോഗിക്കും. ചെടികം സൂര്യപ്രകാശം കിട്ടാനായി മത്സരിച്ച് വളരും. 10 വർഷംകൊണ്ട് 30 വർഷത്തിന്റെ വളർച്ചയും 30 വർഷം കൊണ്ട് 100 വർഷത്തിന്റെ വളർച്ചയും ലഭിച്ച് നിബിഡ വനമായി മാറും. വനവത്കരണത്തിന് ഉപയോഗിക്കുന്നത് പേരാൽ, അരയാൽ, മാവ്, പ്ലാവ്, അത്തി, വേങ്ങ, ഉങ്ങ്, കടമ്പ്, രക്തചന്ദനം, ആടലോടകം തുടങ്ങി നാട്ടിലും കാട്ടിലും സ്വാഭാവികമായി വളരുന്ന, നൂറിലധികം ഇനങ്ങളാണ് ഇവിടെ വെച്ചുപിടിപ്പിക്കുന്നുണ്ട്. ആകെ 1600 ചെടികളാണ് ഈ നിർമിത ഹരിത വനത്തിനുവേണ്ടി ഉപയോഗിക്കുന്നത്.

പദ്ധതിയുടെ ഉദ്ഘാടനം ചെടി നട്ടുകൊണ്ട് നിയുക്ത ഗ്രാമപ്പഞ്ചായത്ത് അംഗം പി.രമ്യ നിർവഹിച്ചു. ക്ഷേത്രം എക്കിക്യൂട്ടീവ് ഓഫീസർ എം.മനോഹരൻ അധ്യക്ഷതവഹിച്ചു. തട്ടാലിയത്ത് ഗിരീശനച്ചൻ, പനോളി മുകുന്ദനച്ചൻ, ഭാസ്കരനച്ചൻ, അരയാക്കണ്ടി സലീം, സി.സി.പ്രേമരാജ്, ചാലാടൻ വിജയൻ, പൊലപ്പാടി രമേശൻ എന്നിവർ സംസാരിച്ചു. തിരുവനന്തപുരത്തെ ഇൻവിസ് മൾട്ടിമീഡിയ, കംപാർഷോപ്പി, നാച്വർ ഗ്രീൻ ഗാർഡിയൻ ഫൗണ്ടേഷൻ എന്നീ സംഘടനകളാണ് പദ്ധതി പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്. ബോബിൻ, ഗണേഷ് ഷാഹിന, പ്രസന്നൻ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

അണ്ടലൂർ താഴെക്കാവിൽ മിയാവാക്കി പച്ചത്തുരുത്ത് പദ്ധതി പ്രവൃത്തി ഉദ്ഘാടനം നിയുക്ത ഗ്രാമപ്പഞ്ചായത്ത് അംഗം പി.രമ്യ നിർവഹിക്കുന്നു

മിയാ വാക്കി...

ജാപ്പനീസ് മാതൃകയിലുള്ള ഒരു നടീൽ രീതിയാണ് മിയാവാക്കി. അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും കാരണം ജപ്പാനിൽ ധാരാളം മരങ്ങളും നഷ്ടപ്പെടുന്ന അവസ്ഥയുണ്ടായി. അതിനാൽ വളരെ പെട്ടെന്ന് മരങ്ങളും വളർത്തുന്നതിനായി കണ്ടെത്തിയ ഒരു മാർഗമാണ് മിയാവാക്കി. ജപ്പാനിലെ യോക്കാഹാമ സർവകലാശാലയിലെ സസ്യ ശാസ്ത്രജ്ഞനും പരിസ്ഥിതി പ്രവർത്തകനുമായ അക്കിര മിയാവാക്കിയാണ് ഈ രീതി വികസിപ്പിച്ചത്. 1970 ലാണ് ഈ മാതൃക ആദ്യം അവതരിപ്പിച്ചത്.

പ്രയോജനപ്രദമായ പദ്ധതി

രു മരം മുറിച്ചാൽ പകരം ഒന്ന് നട്ടുവളർത്തുന ശീലമില്ലാത്ത കാലത്ത് 'പച്ചത്തുരുത്ത്' പദ്ധതി ഏറെ ഗുണകരമാണ്. താഴെക്കാവ് നിബിഡമാകുന്നതോടെ പുതിയ ജൈവ വ്യവസ്ഥയും അവിടെ രൂപപ്പെടും. വ്യത്യസ്തമായ പക്ഷികളും ശലഭങ്ങളും ഇവിടെ എത്തിച്ചേരും. കാടുകം നശിപ്പിക്കപ്പെടുന്ന കാലത്ത് പ്രയോജനപ്രദമായ പദ്ധതിയാണ് മിയാവാക്കി പച്ചത്തുരുത്ത്.

തട്ടാലിയത്ത് ഗിരീശനച്ചൻ.
ക്ഷേത്ര പാരമ്പര്യ ഊരാളൻ

നാടിനെ പച്ചപ്പണിയിക്കുന്ന പദ്ധതി

നാലുഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാണ് അണ്ടലൂർ. ഉപ്പുവെള്ളമാണ് ഈ പ്രദേശത്ത് കൂടുതലും. ലഭ്യമാവുന്നത്. പ്രദേശത്ത് ശുദ്ധജലം പ്രദാനംചെയ്യാൻ ഈ പദ്ധതി പ്രധാന പങ്കുവഹിക്കും. നാടിന് പച്ചപ്പും ശുദ്ധവായുവും നൽകുന്ന പദ്ധതി കൂടിയാണിത്.

പി.രമ്യ, നിയുക്ത ഗ്രാമപ്പഞ്ചായത്ത് അംഗം